## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4934 22.05.2017 - ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പിന് കീഴിലെ റസ്റ്റ് ഹൗസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര റസ്റ്റ് ഹൗസുകൾ ആണ് നിലവിൽ ഉള്ളത് ; | (എ) നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 150 റസ്റ്റ് ഹൗസുകളാണ് ഉള്ളത്. |
| (ബി) ഇവയെ ഫസ്റ്റ് ഗ്രേഡ്, സെക്കന്റ് ഗ്രേഡ്, തേഡ് ഗ്രേഡ് എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ് ; ഫസ്റ്റ് ഗ്രേഡ് റസ്റ്റ്ഹൗസുകൾ എത്ര വീതം ഉണ്ട് ; ഏതെല്ലാം ; | (ബി) 17.07.2013 - ലെ സ. ഉ. (അച്ചടി) നമ്പർ. 58/2013/പൊ.മ.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഫസ്റ്റ് ഗ്രേഡ്, സെക്കന്റ് ഗ്രേഡ്, തേഡ് ഗ്രേഡ് എന്നിങ്ങനെ റസ്റ്റ് ഹൗസുകളെ തരം തിരിച്ചിരിക്കുന്നത്. മുറികളുടെ എണ്ണത്തിന്റെയും മറ്റ് ഭൗതിക സൗകര്യങ്ങളുടെയും അടിസ്ഥാനത്തിലാണ് തരം തിരിച്ചിരിക്കുന്നത്.<br><br>1. എല്ലാ ജില്ലാ ഹെഡ് ക്വാർട്ടേഴ്സിൽ ഉള്ള, പത്തോ അതിലധികമോ മുറികൾ ഉള്ളതുമായ റസ്റ്റ് ഹൗസുകളും തിരുവല്ല, തൊടുപുഴ, തിരൂർ, തലശ്ശേരി, കുറ്റാലം എന്നിവിടങ്ങളിൽ ഉള്ളതുമായ |

റസ്റ്റ് ഹൗസുകളും ക്ലാസ്സ് 1/ഫസ്റ്റ് ഗ്രേഡ് റസ്റ്റ് ഹൗസിൽ ഉൾപ്പെടുന്നു.

2. ആറോ അതിലധികമോ മുറികൾ ഉള്ളതും ക്ലാസ്സ് 1/ഫസ്റ്റ് ഗ്രേഡ് റസ്റ്റ് ഹൗസിൽ ഉൾപ്പെടാത്തതു-മായവ ക്ലാസ്സ് 2/സെക്കന്റ് ഗ്രേഡ് റസ്റ്റ് ഹൗസിൽ ഉൾപ്പെടുന്നു.
3. അഞ്ചോ അതിൽ താഴയോ മുറികൾ ഉള്ളതും മറ്റു ഗ്രേഡുകളിൽ ഉൾപ്പെടാത്ത-തുമായ റസ്റ്റ്ഹൗസുകൾ ക്ലാസ്സ് 3/ തേർഡ് ഗ്രേഡ് റസ്റ്റ് ഹൗസുകളിൽ ഉൾപ്പെട്ടി-രിക്കുന്നു.

ഫസ്റ്റ് ഗ്രേഡ് റസ്റ്റ് ഹൗസുകൾ 15 എണ്ണം ഉണ്ട്. ഫസ്റ്റ് ഗ്രേഡ് റസ്റ്റ് ഹൗസുകളുടെ ജില്ലാ അടിസ്ഥാന-ത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റസ്റ്റ് ഹൗസ്, തിരുവനന്തപുരം
2. റസ്റ്റ് ഹൗസ്, കൊല്ലം.
3. കേരള പാലസ്, കുറ്റാലം.
4. റസ്റ്റ് ഹൗസ്, ആലപ്പുഴ.
5. റസ്റ്റ് ഹൗസ്, തിരുവല്ല.
6. റസ്റ്റ് ഹൗസ്, കോട്ടയം.
7. റസ്റ്റ് ഹൗസ്, തൊടുപുഴ.
8. റസ്റ്റ് ഹൗസ്, എറണാകുളം.
9. റസ്റ്റ് ഹൗസ്, തൃശ്ശൂർ.
10. റസ്റ്റ് ഹൗസ്, തിരൂർ.
11. റസ്റ്റ് ഹൗസ്, പാലക്കാട്.

12. റസ്റ്റ് ഹൗസ്, കോഴിക്കോട്.
13. റസ്റ്റ് ഹൗസ്, കൽപ്പറ്റ.
14. റസ്റ്റ് ഹൗസ്, തലശ്ശേരി.
15. റസ്റ്റ് ഹൗസ്, പത്തനംതിട്ട.

(സി) ഇവയിൽ ഓരോ വിഭാഗത്തിന്റെയും സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) റസ്റ്റ് ഹൗസുകളിൽ ആവശ്യമായ ജീവനക്കാർ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജീവനക്കാരെ നിയമിക്കാൻ വേണ്ട തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) & (ഡി) റസ്റ്റ് ഹൗസുകളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമുള്ള ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ അടക്കമുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ഭരണ / കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് സാമ്പത്തിക പരിധിയിൽ നിന്നുകൊണ്ട് ആവശ്യമായ സ്റ്റാഫിനെ റസ്റ്റ് ഹൗസുകളിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

Sd/-

**സെക്ഷൻ ഓഫീസർ**